വ്യാജമദ്യ - സ്പിരിറ്റ് കടത്ത്

25 (*475) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്തമരാക്ഷൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജമദ്യത്തിന്റെ ആവശ്യക്കാർ സംസ്ഥാനത്ത് വർദ്ധിച്ചതിന് കാരണമെന്തെന്നറിയാമോ ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വ്യാജമദ്യവും സ്പിരിറ്റും വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രഭരണപ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിൽക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേക്ക് കടത്തുന്നത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റ് വഴി സ്പിരിറ്റ് കടത്തുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്. 2014 വർഷത്തിൽ വിവിധ അബ്കാരി കേസുകളിലായി എക്സൈസ് വകുപ്പ് 34433 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. 2015 വർഷത്തിൽ ജൂൺ മാസം വരെ വിവിധ അബ്കാരി കേസുകളിലായി എക്സൈസ് വകുപ്പ് 7011 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്.

(ബി) വ്യാജമദ്യത്തിന്റെ ആവശ്യക്കാർ സംസ്ഥാനത്ത് വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുണ്ടായിരുന്ന 712 ബാർ ഹോട്ടലുകളും 52 കെ.എസ്.ബി.സി. ഔട്ട്ലെറ്റുകളും അടച്ചുപൂട്ടിയതുമൂലം മദ്യത്തിന്റെ ലഭ്യതയ്ക്ക് കുറവു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനധികൃത മദ്യവിൽപന വർദ്ധിക്കുന്നതിനുള്ള സാഹചര്യം മുന്നിൽക്കണ്ട് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly